**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5190** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിദേശസർവ്വകലാശാലകളുമായി ചേർന്നുള്ള ഉന്നതപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളുടെ അക്കാദമിക ഉന്നമനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനും അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപന ത്തിലും അടിമുടി മാറ്റം വേണം എന്ന ലക്ഷ്യത്തോടെ ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം. 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. |
| (ബി) | വിദേശസർവ്വകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | 1. കണ്ണൂർ സർവ്വകലാശാല അക്കാദമിക് രംഗത്തെ സഹകരണത്തിനായി കണ്ണൂർ സർവകലാശാലയ്ക്ക്താഴെ പറയുന്ന വിദേശ സർവകലാശാലകളുമായി ബന്ധങ്ങൾ ഉണ്ട്. (1) ജർമനിയിലെ Erfurt സർവകലാശാലയുമായി ധാരണാ പത്രവും Agreement for Academic Collaboration ഉം ഒപ്പിട്ടിട്ടുണ്ട്. (2) ഇറ്റലിയിലെ Chieti സർവകലാശാലയുമായി Bilateral Agreement ഒപ്പിട്ടിട്ടുണ്ട്. (3) അമേരിക്കയിലെ Oregon State University College of Forestryയുമായി Letter of Collaboration ഒപ്പിട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല മഹാത്മാഗാന്ധി സർവ്വകലാശാല മികച്ച സർവകലാശാലകളുമായി വിവിധ |

| | | | |
|---|---|---|---|
| | | | ഗവേഷണപദ്ധതികളിൽ യോജിച്ചു പ്രവർത്തിച്ചു വരുന്നു. സ്പാർക്ക് പ്രോഗ്രാം, ഡിബിറ്റി ബയോടെക്, ഊർജിത്ത് ക്ലസ്റ്റർസ്, സഫിറ പ്രൊപ്പോസൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്റ്റഡൻറ് എക്സ്ചേഞ്ച്, കോളാബറേറ്റീവ് റിസർച്ച് എന്നിവയും സ്പോൺസേർഡ് റിസർച്ച് പ്രൊപ്പോസൽ മുഖേനയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ ഗുണം ലഭിക്കുന്നതാണ്. മഹാത്മാഗാന്ധി സർവ്വകലാശാല വിവിധ വിദേശ സർവ്വകലാശാലകളു മായി കാലാകാലങ്ങളിൽ ധാരണാ പത്രത്തിൽ ഏർപ്പെടാറുണ്ട്. ടി ധാരണാപത്രങ്ങൾ വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്ന തിന് വിദ്യാർഥികൾക്ക് സഹായകര മാകുന്നുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല കൂടി ഭാഗമായി കെസിഎച്ച്ആർ (കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്) -ന്റെ സഹകരണത്തോടെ യൂണിവേഴ്സിറ്റി ഓഫ് ലെയ്ഡൻ, നെതർലൻഡ്സുമായി ചേർന്ന് കോസ്മോസ്മലബാറിക്കസ് എന്ന പേരിൽ ഒരു പ്രൊജക്റ്റ് ചെയ്യുന്നതിന്സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ന്യൂവാൽസ് അന്താരാഷ്ട്രതലത്തിൽ ഫാക്കൽറ്റി/ വിദ്യാർത്ഥി കൈമാറ്റം, നൈപുണ്യ വികസനത്തിലധിഷ്ഠിതമായ പാഠ്യ പദ്ധതി എന്നിവയിലൂടെ അന്താരാഷ്ട്ര തലത്തിലേക്കു നുവാൽസിന്റെ പ്രശസ്തി ഉയർത്തുന്നതിന് സർവ്വകലാശാല ശ്രമിക്കുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഉന്നതപഠനം സാധ്യമാക്കുന്നതിനായി വിദേശ സർവ്വകലാശാലകളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ജർമ്മനിയിലെ ടുബിൻജൻ സർവ്വകലാശാലയുമായി ചേർന്ന് അക്കാദമിക-സാംസ്കാരിക വിനിമയം നടത്തുകയും ഗുണ്ടർട്ട് ചെയർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർവകലാശാല വിദേശ സർവകലാശാലകളുമായി ചേർന്ന് ഉന്നതപഠനം സാധ്യമാക്കുന്ന തിന് കേരള സർവകലാശാല വിദേശ സർവകലാശാലകളുമായി ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ